III-ഇ.ബി/XII–കേരള നിയമസഭ/II-14

പന്ത്രണ്ടാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

2006 ഒക്ടോബർ 11, ബുധൻ

## (I) ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന നക്ഷത്രച്ചിഹ്നമിട്ട ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ഉന്നയിക്കുകയും അവയിൽ *451,*452 എന്നിവയ്ക്ക് മുഖ്യമന്ത്രിയും *453,*454 എന്നിവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാരും മറുപടി നൽകുകയും ചെയ്തു.

## (II) ശ്രദ്ധക്ഷണിക്കൽ

(1) കൊച്ചി നഗരത്തിൽ വെള്ളപ്പൊക്കംമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. രാജു എബ്രഹാം സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## (III) **സബ്മിഷൻ**

(1) വടക്കാഞ്ചേരി ആസ്ഥാനമാക്കി ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. എ.സി. മൊയ്തീൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) കവുങ്ങു കൃഷിക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് ശ്രീ. കെ.സി. ജോസഫ് ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(3) ജനകീയ സമരങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ ചാർജ് ചെയ്ത കേസുകൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ.എം. ആരിഫ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) മാവേലിക്കരയിലെ ഉൽസവമഠം കൊട്ടാരം സംരക്ഷിക്കേണ്ടതിന്റെയും രവിവർമ്മയുടെ പൂർണ്ണകായ വെങ്കല പ്രതിമ സ്ഥാപിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് ശ്രീ. എം.

മുരളി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) പുതിയ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ വീട്ടുവാടക ബത്ത അനുവദിച്ചതിലെ അപാകത സംബന്ധിച്ച് ശ്രീ. എം.എ. വാഹീദ് ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

(6) ഒറ്റപ്പാലത്തെ ബധിര–മൂക വിദ്യാലയത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എം. ഹംസ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) പത്തനംതിട്ട ജില്ലയിലെ ചെറുകോൽ–നാരങ്ങാനം ശുദ്ധജല വിതരണ പദ്ധതിയെക്കുറിച്ച് ശ്രീ. കെ. ശിവദാസൻ നായർ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(8) ക്ഷേമനിധി ബോർഡിൽ അംഗത്വമില്ലാത്ത കർഷക ത്തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ. ബി.രാഘവൻ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(9) എറണാകുളം–കായംകുളം (കോട്ടയം വഴി) റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതു സംബന്ധിച്ച് ശ്രീ. തോമസ് ചാഴികാടൻ ഉന്നയിച്ച

സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) കുറ്റ്യാടി ജലസേചന പദ്ധതിയുടെ സമീപ പ്രദേശങ്ങളിൽ താമസിച്ചുവരുന്നവരെ പുനരധിവസിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(11) കേരള സ്റ്റേറ്റ് ഖാദി ബോർഡിലെ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(12) ചമ്രവട്ടം റഗുലേറ്റർ–കം–ബ്രിഡ്ജ് പദ്ധതി പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(13) സ്ഥിരമായി കടലാക്രമണ ഭീഷണി നേരിടേണ്ടിവരുന്ന തീരദേശവാസികളുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ട ആവശ്യകതയിലേയ്ക്ക് ശ്രീ. വി.എസ്. സുനിൽ കുമാർ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(14) തൃത്താല മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തനക്ഷമമാക്കേണ്ടത് സംബന്ധിച്ച് ശ്രീ. ടി.പി. കുഞ്ഞുണ്ണി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(15) കുന്നംകുളം വിവേകാനന്ദ കോളേജിലെ തെരഞ്ഞെടുപ്പി നോടനുബന്ധിച്ച് നടന്ന ആഹ്ളാദപ്രകടനത്തിനിടെ വിദ്യാർത്ഥി കളെയും അദ്ധ്യാപകനെയും മർദ്ദിച്ചത് സംബന്ധിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(16) കുളത്തൂപ്പുഴ എം.ആർ.എസ്. ഹോസ്റ്റലിലെ വിദ്യാർത്ഥി കൾക്ക് ഭക്ഷ്യ വിഷബാധയേറ്റത് സംബന്ധിച്ച് ശ്രീ. കെ. രാജു ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

<u>പ്രത്യേക പരാമർശം</u>

<u>ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ</u>

നക്ഷത്രച്ചിഹ്നമിട്ടതും നക്ഷത്രച്ചിഹ്നമിടാത്തതുമായ ചോദ്യങ്ങൾക്ക് സഭയിൽ കൃത്യസമയത്ത് ഉത്തരങ്ങൾ ലഭിക്കുന്നില്ലെന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രത്യേക പരാമർശനത്തിന് സഭയിൽ ഉത്തരങ്ങൾ നൽകുന്ന കാര്യത്തിൽ കൃത്യനിഷ്ഠ പാലിക്കാൻ ബന്ധപ്പെട്ട മന്ത്രിമാർ പരമാവധി ശ്രദ്ധിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## (IV) റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതി അംഗവും സഭാ നേതാവുമായ ശ്രീ. വി.എസ്. അച്ചുതാനന്ദൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുകയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് (ശ്രീ ഉമ്മൻചാണ്ടി) ഭേദഗതി അവതരിപ്പിക്കുകയും ചെയ്തു.

## (V) റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചു.

## (VI) ധനകാര്യം

<u>2006-2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 83,91,92,000 രൂപയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 74,24,94,000 രൂപയും ക്ഷീര വ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,89,37,000 രൂപയും അനുവദിക്കണമെന്ന പ്രമേയം ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ)

അവതരിപ്പിക്കുകയും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. എം. വിജയകുമാർ പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വച്ചു.

സർവ്വശ്രീ വി.ഡി. സതീശൻ, തേറമ്പിൽ രാമകൃഷ്ണൻ, കെ. സുധാകരൻ, കെ.സി. ജോസഫ്, എം.എ. വാഹീദ്, കെ.സി. ജോസഫ്, ടി. എൻ. പ്രതാപൻ, എം. മുരളി, പി.സി. വിഷ്ണുനാഥ്, കെ. ബാബു, യു.സി. രാമൻ, കെ. മുഹമ്മദുണ്ണി ഹാജി, കെ. കുട്ടി അഹമ്മദ് കുട്ടി, തോമസ് ചാഴികാടൻ, സി.ടി. അഹമ്മദ് അലി, തോമസ് ഉണ്ണിയാടൻ, ജോസഫ് എം. പുതുശ്ശേരി, തോമസ് ചാണ്ടി, അടൂർ പ്രകാശ്, ജി. കാർത്തികേയൻ, അബ്ദുറഹിമാൻ രണ്ടത്താണി, കെ.സി. വേണുഗോപാൽ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചയിൽ പങ്കെടുത്തു:

(1) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

(2) ശ്രീ. പി. കൃഷ്ണപ്രസാദ്

(3) ശ്രീ. സി.ടി. അഹമ്മദ് അലി

(4) ശ്രീ. എ.കെ. ചന്ദ്രൻ

(5) ശ്രീ. ജോസഫ് എം. പുതുശ്ശേരി

(6) ശ്രീ. പി.ജെ. ജോസഫ്

(7) ശ്രീ. എ.എ. അസീസ്

(8) ശ്രീ. തോമസ് ചാണ്ടി

(9) ശ്രീ. കെ.പി. മോഹനൻ

(10) ശ്രീ. എ.കെ. ശശീന്ദ്രൻ

(11) ശ്രീ. യു.സി. രാമൻ

(12) ശ്രീ. മുരളി പെരുനെല്ലി

(13) ശ്രീ. ബി. ബാബു പ്രസാദ്

(14) ശ്രീ. ടി.പി. കുഞ്ഞുണ്ണി

(15) ശ്രീ. എൻ. അനിരുദ്ധൻ

(16) ശ്രീ. എ. സി. മൊയ്തീൻ

(17) ശ്രീ. അടൂർ പ്രകാശ്

ധനാഭ്യർത്ഥന ചർച്ചയ്ക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) മറുപടി നൽകി.

ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീര വ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും യഥാക്രമം 29–നെതിരെ 80 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2006 ഒക്ടോബർ മാസം 12–ാം തീയതി വ്യാഴാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.50–ന് പിരിഞ്ഞു.